**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273** **12-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവെക്കുന്ന കരിക്കുലം ചട്ടക്കൂട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി.പി. സുമോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസനയം മുന്നോട്ടു വയ്ക്കുന്ന കരിക്കുലം ചട്ടക്കൂടിന്റെ സ്വഭാവത്തിൽനിന്നും ഏതെല്ലാം തരത്തിലാണ് കേരളം നിർദ്ദേശിക്കുന്ന കരിക്കുലം ചട്ടക്കൂട് വ്യത്യസ്തമായിരിക്കുന്നത്; കേരളത്തിന്റേതായ പ്രായോഗിക ബദലുകൾ എങ്ങനെയാണ് ഉൾച്ചേർത്തിരിക്കുന്നത് എന്നറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | കേരളം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന കരിക്കുലം പരിഷ്കരണം, നാലുവർഷ ബിരുദ പ്രോഗ്രാം തുടങ്ങിയ വിവിധങ്ങളായ പരിഷ്കാരങ്ങൾ ശ്യാം ബി. മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനും പ്രൊഫ. സുരേഷ്ദാസ് അധ്യക്ഷനായ ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റിയും മുമ്പോട്ടുവെച്ച കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതാണ്. മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയും കൂടി അടിസ്ഥാനമാക്കി വേണം ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവ് വിലയിരുത്താൻ എന്നാണ് കേരളം മുൻപോട്ട് വെക്കുന്ന കാഴ്ചപ്പാട്. പുത്തൻ വിദ്യാഭ്യാസ നയം ഊന്നൽ നൽകുന്നത് വേദകാലഘട്ടത്തിലും പൗരാണിക കാലഘട്ടത്തിലുമുള്ള ഇന്ത്യയിൽ നിന്നുമുള്ള അറിവുകളിലൂന്നുന്ന പാഠ്യപദ്ധതിയാണ്. ഇന്ത്യൻ നോളജ് സിസ്റ്റം എന്ന പേരിൽ പുരാണങ്ങളും ഇതിഹാസങ്ങളും ആധാരമാക്കിയുള്ള കാര്യങ്ങൾ ഉൾപ്പെട്ട പാഠ്യപദ്ധതിയാണ് NEP വിഭാവനം ചെയ്യുന്നത്.<br><br>എന്നാൽ സാംസ്കാരിക വൈവിധ്യത്തിലും വൈജാത്യങ്ങളിലും ഭരണഘടനാ മൂല്യങ്ങളിലും ഊന്നിക്കൊണ്ട്, ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മത നിരപേക്ഷകത, ശാസ്ത്രബോധം എന്നിവയുള്ള ഒരു പുതുതലമുറയെ രൂപവൽക്കരിക്കേണ്ട ഉത്തരവാദിത്തമാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കേരളം ലക്ഷ്യം വെക്കുന്നത്. ഭൂരിപക്ഷം പേരെയും സമഗ്രമായ വിദ്യാഭ്യാസം |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്നതിനു മുൻപ് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ പരിശീലനവും, തൊഴിൽ പരിചയ സർട്ടിഫിക്കറ്റും നൽകികൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഒഴിവാക്കുക എന്നതാണ് എൻ.ഇ.പിയുടെ മുഖ്യലക്ഷ്യങ്ങളിൽ ഒന്ന്. ഒരു ചെറിയ ശതമാനത്തിന് മാത്രം സമഗ്രവിദ്യാഭ്യാസം നൽകുകയും ബാക്കിയുള്ള മഹാഭൂരിപക്ഷത്തിനും തൊഴിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമുള്ള സ്കില്ലുകൾ മാത്രം നൽകി കമ്പോളത്തിനാവശ്യമായ തൊഴിൽ സേനയുടെ ഭാഗമാക്കി മാറ്റുകയും ചെയ്യുക എന്ന ആശയത്തിലാണ് എൻ.ഇ.പി. കേന്ദ്രീകരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് ഒന്നാം വർഷം സർട്ടിഫിക്കറ്റ്, രണ്ടാം വർഷം ഡിപ്ലോമ തുടങ്ങിയ നിർദ്ദേശങ്ങൾ യു.ജി.സി ഫ്രെയിംവർക്കിന്റെ ഭാഗമാവുന്നത്.<br><br>എന്നാൽ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അദ്ധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്ട് ഉള്ള ഓണേഴ്സ് ബിരുദം നേടാനും, റിസർച്ച് താൽപര്യം ഉള്ളവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമിന്റെ ഘടനയിലേക്കാണ് നാം മാറുന്നത്. അറിവ് നേടുന്നതിനോടൊപ്പം അറിവ് ഉൽപാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജിക്കാനും, സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കാനും അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽ നിന്നും തൊഴിൽ ദാതാക്കൾ എന്ന നിലയിൽ ഉയരാനും നമ്മുടെ വിദ്യാർത്ഥികളെ സഹായിക്കുന്ന ഒരു ദ്വിമുഖമായ സമീപനമുള്ള കരിക്കുലം ഫ്രെയിംവർക്ക് ആണ് കേരളം മുൻപോട്ട് വെച്ചിരിക്കുന്നത്. |
| (ബി) | മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയും ഉറപ്പുവരുത്തണമെന്ന കാഴ്ചപ്പാട് കേരളം മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവിൽ നടക്കുന്ന പരിഷ്കരണങ്ങൾ ജനപക്ഷ വൈജ്ഞാനിക സമൂഹനിർമ്മിതിയുമായി ബന്ധപ്പെട്ടാണ് വിലയിരുത്തപ്പെടേണ്ടത്. സാമൂഹ്യനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ, എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉന്നതവിദ്യാഭ്യാസമെന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. അറിവിനെ സമൂഹത്തിന് ഉപയോഗപ്പെടുത്തുക, കേരളത്തെ സാമ്പത്തിക ശക്തിയായി വളർത്തുക, അതിൽ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുക തുടങ്ങിയവയാണ് കേരളം പിന്തുടരുന്ന ആശയം. |

സെക്ഷൻ ഓഫീസർ